



സൂറ-20

# താഹാ

**ആയത്ത് 112 മുതൽ 113 വരെ**

112. എന്നാൽ സത്യവിശ്വാസിയായിക്കൊണ്ട് സത്കർമങ്ങളാചരിച്ചവൻ, അനീതിയോ അവകാശലംഘനമോ ഒട്ടും ഭയപ്പെടേണ്ടതില്ല.

113. അതേപ്രകാരം ഈ വചനങ്ങൾ നാം അറബിഭാഷയിൽ ഖുർആനായി അവതരിപ്പിച്ചിരിക്കുന്നു. അതിലൂടെ പലതരം താക്കീതുകൾ നൽകുകയും ചെയ്തിരിക്കുന്നു; മനുഷ്യർ ദൈവഭക്തിയുള്ളവരാകാൻ. അല്ലെങ്കിൽ അവർക്ക് ബോധമുദിക്കാൻ.

സൃഷ്ടികൾ അല്ലാഹുവിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ചെയ്ത സൽക്കർമങ്ങൾക്ക് മാത്രമേ പരലോകത്ത് അവൻ പ്രതിഫലം നൽകൂ. അല്ലാഹുവിനെ തള്ളിപ്പറഞ്ഞുകൊണ്ട് കർമം ചെയ്യുന്നവൻ പാരത്രിക പ്രതിഫലം ലക്ഷ്യമാക്കുകയോ ആഗ്രഹിക്കുകയോ ചെയ്തിട്ടില്ല. അവൻ ആഗ്രഹിച്ച ഭൗതിക ഫലമാകട്ടെ അവന് ലഭിക്കുകയും ചെയ്തിരിക്കുന്നു. പരലോകത്തെ തള്ളിപ്പറഞ്ഞ് ഇഹലോകത്തിനു വേണ്ടി മാത്രം പ്രവർത്തിച്ചവർക്ക് പരലോകത്ത് പ്രതിഫലം നൽകാൻ അല്ലാഹുവിന് ബാധ്യതയില്ല.

وَمَن يَعْمَلْ مِنَ ٱلصَّٰلِحَٰتِ وَهُوَ مُؤْمِنٌ فَلَا يَخَافُ ظُلْمًا وَلَا
هَضْمًا ﴿١١٢﴾

وَكَذَٰلِكَ أَنزَلْنَٰهُ قُرْءَانًا عَرَبِيًّا وَصَرَّفْنَا فِيهِ مِنَ ٱلْوَعِيدِ لَعَلَّهُمْ يَتَّقُونَ
أَوْ يُحْدِثُ لَهُمْ ذِكْرًا ﴿١١٣﴾

നന്മകളാൽ(സൽകർമങ്ങൾ) = مِنَ ٱلصَّٰلِحَٰتِ പ്രവർത്തിക്കുന്നവൻ(ആചരിച്ചവൻ) = وَمَن يَعْمَلْ

ഭയക്കുകയില്ല(ഒട്ടും ഭയപ്പെടേണ്ടതില്ല) = فَلَا يَخَافُ അവൻ സത്യവിശ്വാസിയായിക്കൊണ്ട് = وَهُوَ مُؤْمِنٌ

അതേപ്രകാരം = وَكَذَٰلِكَ ദഹനം (അവകാശ ലംഘനമോ) = وَلَا هَضْمًا അനീതി(യോ) = ظُلْمًا

ഖുർആൻ ആയിട്ട് = قُرْءَانًا നാം അതിനെ (ഈ വചനങ്ങൾ) അവതരിപ്പിച്ചിരിക്കുന്നു = أَنزَلْنَٰهُ

അതിൽ നാം തിരിച്ചുമറിച്ചു(പല തരമായി നൽകിയിരിക്കുന്നു) = وَصَرَّفْنَا فِيهِ അറബി(ഭാഷയിൽ)യായ = عَرَبِيًّا

അവർ ദൈവഭക്തിയുള്ളവരാകാൻ = لَعَلَّهُمْ يَتَّقُونَ താക്കീതുക(ൾ)ളാൽ = مِنَ ٱلْوَعِيدِ

സ്മരണ (ബോധം) = ذِكْرًا അല്ലെങ്കിൽ അവർക്ക് പുതുതായി ഉണ്ടാവാൻ(ഉദിക്കാൻ) = أَوْ يُحْدِثُ لَهُمْ

## 112

**ഈ** സൂക്തത്തിൽ ظلم ഉപയോഗിച്ചിരിക്കുന്നത് അനീതി, അതിക്രമം എന്ന അർഥത്തിൽ തന്നെയാണ്. هضم-ന്റെ ഭാഷാർഥം ദഹനമാണ്. ദഹനാവയവങ്ങളും ദഹനക്രമവും جهاز الهضم ആണ്. ഈ പദത്തിന് പ്രയോഗത്തിൽ ഹനിക്കുക, കുറക്കുക എന്ന അർഥവുമുണ്ട്. അവകാശം ഹനിക്കുന്നതിന് هضم حقه എന്നു പറയും. ظلم നോടൊപ്പം هضم വരുമ്പോൾ അതിന്റെ താൽപര്യം അവകാശം ഹനിക്കലും തട്ടിയെടുക്കലും തന്നെയാകുന്നു. വചന താൽപര്യം ഇതാകുന്നു: മുൻ സൂക്തത്തിൽ പറഞ്ഞ, ശിർക്കുപരമായ പാപങ്ങളുടെ ഭാരം പേറിക്കൊണ്ട് പരലോകത്തെത്തുന്നവരുടെ പരിണതിയിൽ നിന്ന് നേർവിപരീതമാണ് സത്യവിശ്വാസിയായി സൽക്കർമങ്ങളാചരിച്ചുകൊണ്ട് വന്നെത്തുന്നവരുടെ പരിണതി. അവർ ഒട്ടും പേടിക്കാനോ ഖേദിക്കാനോ ഇടയാകുന്നതല്ല. لَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ. അവിടെ ഏതെങ്കിലും തരത്തിലുള്ള അനീതിയോ അതിക്രമമോ നേരിടേണ്ടിവരുമെന്ന് ഭയപ്പെടേണ്ടതില്ല. തികഞ്ഞ സുരക്ഷയും സമാധാനവും ലഭിക്കും. ഭൗതികജീവിതത്തിൽ അനുഷ്ഠിച്ച സൽക്കർമങ്ങളുടെ പേരിൽ വാഗ്ദത്തം ചെയ്യപ്പെട്ടതും അവകാശപ്പെട്ടതുമായ പ്രതിഫലം ഏതെങ്കിലും തരത്തിൽ വെട്ടിക്കുറക്കപ്പെട്ടേക്കുമെന്നും ഭയപ്പെടേണ്ട.

നേരത്തെ പലയിടത്തും ഉണർത്തിയിട്ടുള്ളതുപോലെ, സൽക്കർമങ്ങൾ അല്ലാഹുവിങ്കൽ സ്വീകാര്യമാകുന്നതിന് അത്

അല്ലാഹുവിൽ വിശ്വാസമർപ്പിച്ചുകൊണ്ട് - وَهُوَ مُؤْمِنٌ - ചെയ്തതായിരിക്കണമെന്ന് ഉണർത്തിയിരിക്കുന്നു. അല്ലാഹുവിൽ വിശ്വസിക്കാത്തവരും സൽക്കർമങ്ങൾ ചെയ്യാം. അത് ഒന്നുകിൽ അല്ലാഹുവല്ലാത്ത ദൈവങ്ങൾക്കു വേണ്ടിയായിരിക്കും. അല്ലെങ്കിൽ സ്വാർഥ ലാഭങ്ങൾക്കു വേണ്ടിയായിരിക്കും. അല്ലെങ്കിൽ വേണ്ടപ്പെട്ടവരുടെ പ്രീതിക്കോ ലോകമാന്യത്തിനോ വേണ്ടിയായിരിക്കും. ഇതൊന്നുമല്ലാതെ ആത്മസംതൃപ്തിക്കു വേണ്ടി മാത്രവും ചിലർ നല്ല കാര്യങ്ങൾ ചെയ്യും. ഇതിനെ ചിലർ നിഷ്കാമ കർമം എന്നു പറയുന്നു. വാസ്തവത്തിൽ നിഷ്കാമകർമം എന്നൊന്നില്ല. ബോധപൂർവം ചെയ്യുന്ന എല്ലാ കർമങ്ങളും സ്വാർഥമോ പരാർഥമോ ഭൗതികമോ ആത്മീയമോ ആയ ഫലം കാംക്ഷിക്കുന്നുണ്ട്. ദൈവത്തിലും പരലോകത്തിലും വിശ്വസിക്കാത്തവർ ലക്ഷ്യമാക്കുന്നത് ക്ഷിപ്രമായ ഭൗതികഫലം മാത്രമായിരിക്കും. മിക്കവർക്കും ഭൗതിക ലോകത്ത് അത് ലഭിക്കുകയും ചെയ്യും. مَّن كَانَ يُرِيدُ ٱلْعَاجِلَةَ عَجَّلْنَا لَهُۥ فِيهَا مَا نَشَآءُ لِمَن نُّرِيدُ (ക്ഷിപ്രമായ ഭൗതിക ഫലം മാത്രം കാംക്ഷിച്ച് കർമം ചെയ്യുന്നവർക്ക് നാമത് ക്ഷണത്തിൽ ഈ ലോകത്തുതന്നെ നൽകുന്നു- നാം ഉദ്ദേശിക്കുന്നവർക്ക് ഉദ്ദേശിച്ചവിധം-17:18). പ്രശസ്തിക്കും സ്ഥാനമാനങ്ങൾക്കും വേണ്ടി സൽക്കർമങ്ങൾ ചെയ്തവർ പ്രശസ്തരും സ്ഥാനികളുമാകുന്നു. ധനലാഭത്തിനുവേണ്ടി നല്ലതു ചെയ്തവർ സമ്പന്നരാകുന്നു. ആത്മസംതൃപ്തിക്കു വേണ്ടി നന്മകൾ ചെയ്തവർ അതിൽ സംതൃപ്തിയടയുന്നു. ഈ ഫലങ്ങളെല്ലാം ഈ ലോകത്ത് വിശ്വാസികൾക്കും അവിശ്വാസികൾക്കും ഒരുപോലെ നൽകുന്നത് അല്ലാഹു തന്നെയാണ്. എന്നാൽ, സൃഷ്ടികൾ അല്ലാഹുവിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ചെയ്ത സൽക്കർമങ്ങൾക്ക് മാത്രമേ പരലോകത്ത് അവൻ പ്രതിഫലം നൽകൂ. അല്ലാഹുവിനെ തള്ളിപ്പറഞ്ഞുകൊണ്ട് കർമം ചെയ്യുന്നവൻ പാരത്രിക പ്രതിഫലം ലക്ഷ്യമാക്കുകയോ ആഗ്രഹിക്കുകയോ ചെയ്തിട്ടില്ല. അവൻ ആഗ്രഹിച്ച ഭൗതിക ഫലമാകട്ടെ അവന് ലഭിക്കുകയും ചെയ്തിരിക്കുന്നു. പരലോകത്തെ തള്ളിപ്പറഞ്ഞ് ഇഹലോകത്തിനു വേണ്ടി മാത്രം പ്രവർത്തിച്ചവർക്ക് പരലോകത്ത് പ്രതിഫലം നൽകാൻ അല്ലാഹുവിന് ബാധ്യതയില്ല.

وَمَن يُرِدْ ثَوَابَ ٱلدُّنْيَا نُؤْتِهِۦ مِنْهَا وَمَن يُرِدْ ثَوَابَ ٱلْـَٔاخِرَةِ نُؤْتِهِۦ مِنْهَا

(ഭൗതികലാഭം മാത്രം മോഹിച്ച് പ്രവർത്തിക്കുന്നവർക്ക് ഇഹത്തിൽ തന്നെ നാം പ്രതിഫലം നൽകുന്നു. പാരത്രിക ഫലം മോഹിച്ച് പ്രവർത്തിക്കുന്നവർക്ക് പരത്തിലും പ്രതിഫലം നൽകുന്നു-3:145).

## 113

وَكَذَٰلِكَ എന്ന വാക്ക് ബന്ധപ്പെട്ടിരിക്കുന്നത് كَذَٰلِكَ نَقُصُّ എന്നു തുടങ്ങുന്ന 99-ാം സൂക്തവുമായിട്ടാണ്. അതിൽ ഖുർആനെ സൂചിപ്പിച്ചുകൊണ്ട് وَقَدْ ءَاتَيْنَٰكَ مِن لَّدُنَّا ذِكْرًا -നാം നിനക്ക് മഹത്തായ പാഠവും നൽകിയിരിക്കുന്നു-എന്നു പറയുന്നുണ്ടല്ലോ. തുടർന്നുള്ള സൂക്തത്തിൽ, ഖുർആനെ തള്ളിക്കളയുന്നവർ അന്ത്യനാളിൽ പാപത്തിന്റെ മഹാ ഭാരം പേറി നരകത്തിൽ സ്ഥിരവാസം ചെയ്യേണ്ടിവരുമെന്നുണർത്തിയിരിക്കുന്നു. അനന്തരം ഉയിർത്തെഴുന്നേൽപ്പിനെയും അതിന്റെ വിഹ്വലതയെയും കുറിച്ച് മുന്നറിയിപ്പ് നൽകുന്നു. ഇതേ പ്രബോധനം ലക്ഷ്യമാക്കിയാണ് നാം ഈ ഖുർആൻ അറബിഭാഷയിൽ അവതരിപ്പിച്ചിരിക്കുന്നത്. വായന, വായിക്കപ്പെടുന്നത് എന്നീ അർഥമുള്ള പദമാണ് قرآن. ഈ നാമകരണം രണ്ടാശയങ്ങളെയും അന്വർഥമാക്കിയിരിക്കുന്നു. സുഗമവും സരളവുമായി പാരായണം ചെയ്യാവുന്നതും ധാരാളമായി പാരായണം ചെയ്യപ്പെടുന്നതുമായ ഗ്രന്ഥമാണ് ഖുർആൻ. ദൈവിക സന്ദേശം തള്ളിക്കളയുന്നവർ അനിവാര്യമായി നേരിടേണ്ടിവരുന്ന ദുരന്തഫലങ്ങളെക്കുറിച്ച് അതിൽ വിവിധ രീതിയിലും ശൈലിയിലും ആവർത്തിച്ചാവർത്തിച്ച് മുന്നറിയിപ്പ് നൽകിയിരിക്കുന്നു. അതുൾക്കൊണ്ട് മനുഷ്യർ ദൈവഭക്തരായി അവന്റെ ധർമശാസനകളനുസരിച്ച് വാഴാൻ വേണ്ടിയാണത്. അല്ലെങ്കിൽ സത്യധർമങ്ങൾ നിഷേധിച്ചതിന്റെ പേരിൽ അല്ലാഹു പിടികൂടുമ്പോൾ ഞങ്ങളെ ഇതെപ്പറ്റിയൊന്നും ആരും പഠിപ്പിച്ചിട്ടില്ല എന്ന് ന്യായം പറയാൻ അവർക്കവസരമില്ലാതിരിക്കാൻ വേണ്ടി.

ഖുർആന്റെ അറബിയ്യത്തിന് നിരവധി മാനങ്ങളുണ്ട്. അറബിഭാഷക്ക് ദൈവം നൽകിയ ഏറ്റവും വലിയ സൗഭാഗ്യമാണ് ഖുർആന്റെ അവതരണം. ഖുർആന്റെ ഭാഷയായതുകൊണ്ടാണ് അറബി ഭാഷ നിലനിന്നതും വികസിച്ചതും. ഖുർആൻ അവതരിക്കുന്ന കാലത്ത് മധ്യപൂർവദേശത്തുണ്ടായിരുന്ന ഭാഷകളെല്ലാം മാഞ്ഞുപോവുകയോ മൃതഭാഷയാവുകയോ ചെയ്തുകഴിഞ്ഞിരുന്നു. അറബിഭാഷക്ക് ലഭിച്ച ഈ മഹത്വം ആ ഭാഷ സംസാരിക്കുന്നവർക്കും അവരുടെ സംസ്കാരത്തിനും കൂടി അവകാശപ്പെട്ടതാണ്. മനുഷ്യ മനസ്സിലുണരുന്ന ഏതു ആശയത്തെയും വ്യക്തമായി പ്രകടിപ്പിക്കാൻ പര്യാപ്തമാണ് അറബിഭാഷ. ഖുർആൻ അറബിയിലായതിന്റെ ഒരു കാരണം അതാണ്. പുതിയ പുതിയ ആശയങ്ങൾ പ്രകടിപ്പിക്കാൻ പര്യാപ്തമല്ലാതാവുകയും ഉപയോഗം കുറയുകയും ചെയ്യുമ്പോഴാണ് ഭാഷകൾ മൃതമാവുകയോ ക്ഷയിക്കുകയോ ചെയ്യുന്നത്. ഒരു ഭാഷ സംസാരിക്കുന്നവർ കൂട്ടത്തോടെ മറ്റു ഭാഷകൾ സംസാരിക്കുന്നവരുമായി കൂടിക്കലരുകയും ആ ഭാഷകൾക്ക് മേൽക്കൈ ലഭിക്കുകയും ചെയ്താലും ആദ്യഭാഷ ക്ഷയിച്ചുപോകും. കുടിയേറ്റത്തിലൂടെയും അധിനിവേശത്തിലൂടെയുമാണ് ഇത് സംഭവിക്കുക. ആദ്യകാലത്ത് അറബികൾ കുടിയേറിയ പ്രദേശങ്ങളിലെല്ലാം ആ ഭാഷ സ്വാധീനം നേടുകയായിരുന്നു. ഖുർആന്റെ ഭാഷയായതിനാൽ അധിനിവേശ ശക്തികൾക്ക് അറബി ഭാഷയെ നശിപ്പിക്കാനായില്ല. ഖുർആന്റെ ഭാഷ എന്ന നിലക്കാണ് അറബിഭാഷയുടെ വ്യാകരണവും സാഹിത്യവും വികസിച്ചത്. അറബി വ്യാകരണത്തിനും സാഹിത്യ സിദ്ധാന്തങ്ങൾക്കും മൂലാധാരം ഖുർആനാണ്. അറബിഭാഷയിൽ പദങ്ങളുടെ അർഥങ്ങൾ സുസ്ഥിരമാണ്. കാലാന്തരത്തിൽ പദങ്ങൾക്ക് അർഥവിലോപം സംഭവിക്കുകയോ വിപരീതാർഥങ്ങൾ വന്നുചേരുകയോ ചെയ്യുന്നില്ല.ഇത് അറബിയുടെ സവിശേഷതയും ഒപ്പം ഖുർആന്റെ ഔദാര്യവുമാണ്. ഖുർആൻ ഇല്ലായിരുന്നുവെങ്കിൽ ഭാഷാ പദങ്ങൾക്ക് ഈ അർഥസ്ഥിരത കൈവരുമായിരുന്നില്ല. അറബിഭാഷയിലല്ലായിരുന്നുവെങ്കിൽ ഖുർആന്റെ അർഥകൽപനകളിൽ കാലാന്തരത്തിൽ മാറ്റങ്ങൾ വരാനിടയാകുമായിരുന്നു; ഹീബ്രു, അരമായ

ഭാഷകളിൽ തൗറാത്തിനും ഇഞ്ചീലിനും സംഭവിച്ചപോലെ. വചനങ്ങളുടെ അർഥ പരിണാമങ്ങളിലൂടെ ആ വേദങ്ങളുടെ പ്രഥമ പ്രധാന തത്ത്വമായ തൗഹീദ് (ഏകദൈവാദർശം) പോലും മാറ്റിമറിക്കപ്പെട്ടിരിക്കുന്നു. അരമായ ഭാഷയിലെ അബ്ബ്-നാഥന്-പിൽക്കാലത്ത് അർഥം പിതാവ് എന്നായി. ഈസാ നബിയുടെ അബ്ബി-എന്റെ നാഥാ-എന്ന വിളിയുടെ അർഥം 'എന്റെ പിതാവേ' എന്നായി മാറി. അങ്ങനെ ദൈവം പിതാവും ഈസാ നബി ദൈവത്തിന്റെ പുത്രനുമായി. ഖുർആനിലെ 'റബ്ബുൽ ആലമീനി'ലെ 'റബ്ബ്'-സർവലോക നാഥൻ അല്ലെങ്കിൽ വിധാതാവ്-അന്നും ഇന്നും നാഥനും വിധാതാവും തന്നെയാണ്. മുഹമ്മദ് നബി(സ)'റബ്ബീ' (എന്റെ നാഥാ) എന്ന് ധാരാളമായി പ്രാർഥിച്ചിട്ടുണ്ട്. അതുകൊണ്ട് ദൈവം പിതാവും അദ്ദേഹം ദൈവപുത്രനുമായിട്ടില്ല. ഒരിക്കലും ആവുകയുമില്ല. ഈയടിസ്ഥാനത്തിൽ ഖുർആൻ അറബിയിലായത് ഖുർആന്റെ സുരക്ഷാകവചങ്ങളിലൊന്നാണ്.

قُرۡءَانًا عَرَبِيًّا എന്ന വാക്ക് പ്രകാശിപ്പിക്കുന്ന സുപ്രധാനമായ മറ്റൊരാശയം അല്ലാഹു അവതരിപ്പിച്ച ഖുർആൻ അറബിഭാഷയിലുള്ളതാകുന്നു എന്നാണ്. അല്ലാഹു മനുഷ്യരെ അറിയിക്കാനുദ്ദേശിച്ച സന്ദേശങ്ങൾ പൂർണമായി ഉൾക്കൊള്ളുന്നത് അറബിയിലുള്ള ഖുർആൻ വചനങ്ങളാണ്. പാരായണ സുഖമുള്ളതും ഏറെ പാരായണം ചെയ്യപ്പെടുന്നതുമായ ഖുർആനും അറബിഭാഷയിലുള്ള ഖുർആനാണ്. ഇതുപോലൊരു സൂറയെങ്കിലും രചിച്ചു കാണിക്കുവിൻ എന്ന് അവിശ്വാസികളെ വെല്ലുവിളിക്കുന്നതും അറബി ഖുർആനാണ്. അർഥമറിയാതുള്ള പാരായണം പോലും പുണ്യകർമമായി കൽപിച്ചിട്ടുള്ളത് അറബി ഖുർആന്റെ പാരായണമാണ്. ഏതു ഭാഷയിലുള്ള എത്ര മികച്ച ഖുർആൻ പരിഭാഷയും ഖുർആൻ ആകുന്നില്ല. പരിഭാഷകളും വ്യാഖ്യാനങ്ങളും അതത് കാലത്തെ ജനങ്ങൾ ഖുർആൻ പഠനത്തിന് ആവിഷ്കരിക്കുന്ന മാധ്യമങ്ങളാണ്. ആ നിലക്കുള്ള ആദരണീയതയും മഹത്വവും മൂല്യവുമൊക്കെ തീർച്ചയായും അവക്കുണ്ട്. പക്ഷേ, അവ ഖുർആനോ ഖുർആനിനു തുല്യമോ ആകുന്നില്ല. ഖുർആൻ വസ്തുവാണെങ്കിൽ അതിന്റെ നിഴൽ മാത്രമാണ് പരിഭാഷകളും വ്യാഖ്യാനങ്ങളും.

وَصَرَّفۡنَا فِيهِ എന്ന വാക്കിലെ فيه (അതിൽ) കൊണ്ട് ഉദ്ദേശ്യം ഖുർആനാണ്. ഇത് ചെറിയ വ്യത്യാസത്തോടെ *അൽഇസ്റാഅ്* 41, 89, *അൽകഹ്ഫ്* 54 സൂക്തങ്ങളിൽ വന്നിരിക്കുന്നു. ഈ സന്ദർഭത്തിൽ താൽപര്യമിതാണ്: പ്രവാചകന്റെ മുന്നിലുള്ള ജനത്തിന് നാം ഈ വേദം അവരുടെ ഭാഷയിൽ അവതരിപ്പിച്ചുകൊടുത്തിരിക്കുന്നു. അതിനെ അവഗണിച്ചു തള്ളുന്നതിന്റെ തിക്തഫലം ബുദ്ധിയുടെയും പ്രമാണങ്ങളുടെയും ചരിത്ര യാഥാർഥ്യങ്ങളുടെയും പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളുടെയും വെളിച്ചത്തിൽ വ്യക്തമായി വിശദീകരിച്ചുകൊടുത്തിരിക്കുന്നു. ഇതൊക്കെ ഉണ്ടായശേഷവും ഒന്നും പ്രയോജനപ്പെടുത്താതെ അസത്യത്തിലും അധർമത്തിലും തന്നെ ചരിക്കുകയാണെങ്കിൽ അതിന്റെ ഉത്തരവാദിത്തം അവർക്കു മാത്രമായിരിക്കും.

ഈ നടപടികളുടെയെല്ലാം യഥാർഥ ലക്ഷ്യം ജനങ്ങളിൽ അല്ലാഹുവിനോട് ഭക്തിയും വിധേയത്വവും വളർത്തുകയാണ്. അതുണ്ടാകുന്നില്ലെങ്കിൽ ഈ സന്ദേശം അല്ലാഹുവിങ്കൽനിന്ന് അവർക്കുള്ള ഒരു ഉണർത്തൽ അല്ലെങ്കിൽ ബോധോദയമായിത്തീരണം; അവരീ ലോകത്ത് സൃഷ്ടിക്കപ്പെട്ടതെന്തിനാണ്, ഇപ്പോൾ അവർ ആയിത്തീർന്നിരിക്കുന്നതെന്താണ് എന്ന്. അറബികളുടെ മൂലചരിത്രം ഖുർആൻ പലയിടത്തായി അവരെ അനുസ്മരിപ്പിച്ചിട്ടുണ്ട്. ഇബ്റാഹീം നബി ഇസ്മാഈൽ നബിയെ മക്കയിൽ കൊണ്ടുവന്ന് പാർപ്പിച്ചത് ഒരു പ്രത്യേക ദൗത്യത്തിനു വേണ്ടിയായിരുന്നു. ആ ദൗത്യമാണ് ഖുർആൻ അവരെ ഉണർത്തുന്നത്. ഇതാണ് لَعَلَّهُمۡ يَتَّقُونَ أَوۡ يُحۡدِثُ لَهُمۡ ذِكۡرًا എന്ന വാക്യത്തിന്റെ സാരം. പുതുതായി ഉണ്ടാവുക എന്നർഥത്തിലുള്ള حدث ന്റെ സകർമക രൂപമായ احدث യുടെ ഭാവികാല ക്രിയയാണ് يحدث. ഒരു കാര്യം പുതുതായുണ്ടാക്കൽ احداث യും അങ്ങനെ ഉണ്ടാക്കപ്പെടുന്നത് محدث ഉം ആകുന്നു. ദീനിന്റെ അടിസ്ഥാന തത്ത്വങ്ങൾക്ക് വിരുദ്ധമായത് പടച്ചുണ്ടാക്കി ദീനിൽ കൂട്ടിച്ചേർത്തതിന് مُحدَث എന്നു പറയും. ഇതുതന്നെയാണ് بدعة ഉം. പുതുതായി ഉണ്ടാകുന്നതെല്ലാം-كل محدث-ബിദ്അത്തുകളാണെന്ന് ചില നിവേദനങ്ങളുണ്ട്. കഴിഞ്ഞുപോയ ഒരു കാര്യം പുതുതായി സമൂലം അനുസ്മരിപ്പിക്കുകയാണ് احداث الذكر.

■

കുറ്റ്യാടി ഇസ്ലാമിയാ കോളജ്
പ്രവാസി സംഗമം
പ്രവാസി പൂർവവിദ്യാർഥികളുടെയും സുഹൃത്തുക്കളുടെയും ഒത്തുചേരൽ
2014 ആഗസ്റ്റ് 5 ചൊവ്വ രാവിലെ 10 മണി ഇസ്ലാമിയാ കോളജ് കുറ്റ്യാടി
എല്ലാ പ്രവാസി പൂർവവിദ്യാർഥികളും സുഹൃത്തുക്കളും ഇതൊരു ക്ഷണമായി സ്വീകരിച്ച് എത്തിച്ചേരണമെന്ന് അറിയിക്കുന്നു.
വി. പി. ബഷീർ
പ്രസിഡന്റ്, പൂർവവിദ്യാർഥി സംഘടന
ഖാലിദ് മൂസ നദ്‌വി
ചെയർമാൻ, RET
രജിസ്ട്രേഷനുവേണ്ടി ബന്ധപ്പെടുക.
9947174007, 9947124007, 9645187775
collegeofquran@gmail.com
ഇസ്ലാമിയാ കോളജ് കുറ്റ്യാടി
പൂർവവിദ്യാർഥി സമ്മേളനം
2014 ഡിസംബർ 28 ഞായർ